# ചതയുന്ന ജീവനും പിരിയുന്ന ചകിരിയും

എൻ. ജയകൃഷ്ണൻ

ഇടശ്ശേരിയെ ഓർക്കുമ്പോഴും വായിക്കുമ്പോഴും പുതഞ്ഞുപൊങ്ങാതെ ചതഞ്ഞരയുന്ന ജീവിതത്തിന്റെ രക്തപടലങ്ങൾ തെളിഞ്ഞുവരും. നിശ്ശബ്ദമായ ഗർജനമായിരുന്നു ഇടശ്ശേരിക്കവിത. എന്നാൽ, നിശബ്ദതയ്ക്കിടയിലെ ഗർജനം കേൾക്കേണ്ട കാതുകളിൽ ഒരപശ്രുതി പോലെയോ ഇടിമുഴക്കം പോലെയോ വന്നു വീഴുകയും ചെയ്തു. ഇടിമുഴക്കം കഴിഞ്ഞാൽ മിന്നലോ മഴയോ ആയി അങ്ങനെ മലയാളിയുടെ ഇടനെഞ്ചിൽ ഒരു ഇടവപ്പാതിപോലെ ഇടശ്ശേരിക്കവിത തിമിർത്തുപെയ്തു. ആ പെയ്ത്താഴിയലിൽ വൻമരങ്ങൾ കടപുഴകുകയും വലിയ അതിരുകൾ തകരുകയും ചെയ്തു.

വാക്കുകളിൽ ഇടർച്ചയില്ലാതെയാണ് ഇടശ്ശേരി കവിതയെഴുതിയത്. അതിനർഥം തുടർച്ചയായി അദ്ദേഹം എഴുതി എന്നല്ല. ചുററുപാടുമുള്ള കാഴ്ചകൾ തന്നിലുളവാക്കയ വികാരങ്ങളുടെ തുടരൊലികളായിട്ടാണ് ഇടശ്ശരിക്കവിതിയിൽ സംഭവഗതികൾ ആവിഷ്കരിക്കപ്പെട്ടത്. ഗർജനത്തിനുവേണ്ടി ഗർജിക്കുമ്പോൾ ഇടശ്ശേരി ഇടഞ്ഞ കൊമ്പനായിരുന്നില്ല. വള്ളത്തോളിനോടും നാലപ്പാടനോടും ശൈലീപരമായ ആധമർണ്യം പുലർത്തിയ ഇടശ്ശേരി വളരെപ്പെട്ടെന്നു തന്നെ അനുകരണദശ പിന്നിട്ട് കാവ്യപന്ഥാവിലെ സ്വതന്ത്രവായു ആസ്വദിച്ചുതുടങ്ങിയ കവിയാണ്.

ഒരുപററം ആടുകളെ തെളിച്ച് വൈകുന്നേരം കൂട്ടിൽ കയററുമ്പോൾ കൂട്ടത്തിൽ ഒരാട്ടിൻകുഞ്ഞ് ഇല്ലാതെ വന്നാൽ അതിനെ വീണ്ടും അന്വേഷിച്ചിറങ്ങുന്ന ഒരിടയൻ ഇടശ്ശേരി എന്ന കവിയിലുണ്ട്. എന്നാൽ, ആട്ടിൻപററം വഴിതെററിയാൽ – ആ കുഞ്ഞാടുകളെ വഴിതെററിക്കുന്ന ആട്ടിൻതോലിട്ട ചെന്നായ്ക്കളെ കൺമുന്നിൽ കണ്ടാൽ – ഇടനെഞ്ചു പൊട്ടാതെതന്നെ അവയെ ഹിംസിക്കുന്ന ഇടയനായിരുന്നു ഇടശ്ശേരി. കൊല്ലാൻവരുന്ന നരിയെ കണ്ടാൽ മററുമാർഗമൊന്നുമില്ലെങ്കിൽ അഹിംസ ജീവമന്ത്രമാക്കിയ ബുദ്ധന്റെ പ്രതിമയെടുത്തെറിഞ്ഞും സ്വജീവൻ കാത്തുരക്ഷിക്കാൻ ഇടശ്ശേരിയിലെ മനുഷ്യൻ ആഹ്വാനം ചെയ്തത് ഹിംസവാസന കൊണ്ടല്ല, ആത്മരക്ഷയ്ക്കും ആശ്രയരക്ഷയ്ക്കും വേണ്ടിയാണ്.

തന്നോടൊപ്പം ജീവിക്കുന്ന മനുഷ്യരുടെ പ്രവൃത്തികളോടല്ല, മറിച്ച് അവർ പ്രതിനിധാനം ചെയ്യുന്ന ജീർണമായ സാമൂഹ്യവ്യവസ്ഥിതികളോടായിരുന്നു ഇടശ്ശേരി ക്ഷോഭിച്ചത്. സ്വാതന്ത്ര്യാനന്തരഭാരതത്തിലെ രാഷ്ട്രീയാന്തരീക്ഷം ഒരു രാഷ്ട്രീയകക്ഷിയോടും രാജിയായി പോകുവാൻ അദ്ദേഹത്തെ സമ്മതിച്ചില്ല.

‘വെളിച്ചം തൂകിടുന്നോളം
പൂജാർഹം താനൊരാശയം
അതിരുണ്ടഴൽ ചാറുമ്പോൾ
പൊട്ടിയാട്ടുക താൻ വരം’

ഇടശ്ശേരിയുടെ തത്വശാസ്ത്രം ഇതിലുൾക്കൊള്ളിക്കാമെന്ന് തോന്നുന്നു. ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള, ജന്മിയും കുടിയാനും തമ്മിലുള്ള, കുടിലും കൊട്ടാരവും തമ്മിലുള്ള, വർണശ്രമധർമങ്ങളിലെ അധർമപരമായ പൊരുത്തക്കേടുകളോടാണ് തന്റെ കവിതകളിലൂടെ ഇടശ്ശേരി ശക്തിയായി പ്രതികരിച്ചത്. ഇന്നത്തെ ജന്മി നാളെ ജന്മി അല്ലാതാകുമെന്നും എന്നാൽ, ആ ജന്മിത്തവ്യവസ്ഥിതി നിലനിൽക്കുമെന്നും കോമൻ വിളയിച്ച പൊന്നാര്യൻ കൊയ്യാൻ ജന്മിമാരുടെ കൊയ്ത്തരിവാളുകൾ നാളെ പാടത്തിറങ്ങുമെന്നുമുള്ള ദീർഘവീക്ഷണത്താൽ വ്യക്തിസത്തയ്ക്കുമപ്പുറം ഒരുകൂട്ടം വ്യക്തികൾ ചേർന്നു സൃഷ്ടിക്കുന്ന സാമൂഹികസത്തയുടെ ധാർഷ്ട്യത്തിനു നേർക്കായിരുന്നു ഇടശ്ശേരി ചൊടിച്ചത്.

ജാതീയവും പ്രാദേശികവുമായ വർണവ്യത്യാസങ്ങൾക്കുമപ്പുറം ചൂഷണം ചെയ്യപ്പെടുന്ന മനുഷ്യൻ എക്കാലവും എല്ലായിടത്തുമുണ്ടായിരിക്കുമെന്നും അധികാരചിഹ്നത്തെ ആരാധിക്കുന്നവൻ അംഗീകരിക്കപ്പെടുമെന്നും അതിനെതിരെ ശബ്ദമുയർത്തുന്നവൻ മടക്കുണ്ടുകളിലോ ചകിരിക്കുഴികളിലോ താഴ്ത്തപ്പെടുമെന്നുള്ള നിതാന്തസത്യമാണ് ഇടശ്ശേരിയെ ഒരു യഥാർഥ സാമൂഹിക-മാനവിക കവിത്വത്തിന്റെ പ്രതീകമാക്കിയത്. ഇടശ്ശേരി അനുഭവിച്ച നീററലിന്റെ അഗ്നിനാമ്പുകൾ മലയാളകവിത ഏററുവാങ്ങിയത് കൈപ്പൊള്ളലോടുകൂടിയായിരുന്നു. ആ പൊള്ളലാകട്ടെ അധീശവർഗത്തിനെതിരേ ഉണങ്ങാത്ത ഒരു വ്രണമായി തീരുകയും ചെയ്തു. ഇടശ്ശേരിയുടെ ഈ വർഗബോധത്തിന്റെ അടിസ്ഥാനത്തിൽ വേണം ‘ചകിരിക്കുഴികളെ’ ഇഴപിരിച്ചെടുക്കുവാൻ.

**ചകിരിക്കുഴിയിലേക്ക്...**

നോവലിലായാലും ചെറുകഥയിലായാലും കവിതയിലായാലും സാഹിത്യത്തിലെ നായകർ വരേണ്യരും ധീരോദാത്തരും അതിപ്രതാപഗുണവാന്മാരുമായിരിക്കണമെന്ന നിയമം നിലനിൽക്കുന്ന കാലത്താണ് സമൂഹത്തിന്റെ പുറമ്പോക്കിൽ വസിക്കുന്ന ജാനകിയെയും അപ്പക്കാളയെയും അമ്മിണിയെയും നെല്ലുകുത്തുകാരി പാറുവിനെയും കോമനെയും നാറുന്ന ചകിരിക്കുഴിയിൽ ഒരുവററ് ആഹാരത്തിനുവേണ്ടി പണിയെടുക്കുന്ന അധ്വാനിക്കുന്ന തൊഴിലാളിവർഗത്തെയും ഇടശ്ശേരി തന്റെ കവിതയിലേക്ക് ആനയിച്ചത്. ചകിരിക്കുഴികളുടെ കാലാതീതമായ പ്രാധാന്യവും അതുതന്നെ. ഇടശ്ശേരി തന്നെ എഴുതുന്നു. 'നിത്യപരിചയം മഹത്വത്തെ കാണാൻ കൂട്ടാക്കി എന്നുവരില്ല. അതുപോലെതന്നെ മനുഷ്യദീനതയുടെ ആഴത്തെയും. ഒരു ഉൾനാട്ടുകാരനായ എനിക്ക് പൊന്നാനി കടലോരപ്രദേശത്ത് പെരുമാറേണ്ടിവന്നപ്പോൾ നടാടെ കാണേണ്ടിവന്ന ദുസ്സഹദുഃഖമാണ് ചകിരിക്കുഴിയിലെ ജീവിതങ്ങൾ. വേദനാകരങ്ങളായ പല കഥകളും കേൾക്കേണ്ടിവന്നിട്ടുണ്ട്. അവയ്ക്കുനേരെ സൗമ്യമായ പ്രതിഷേധശബ്ദം ഉയർന്നുപോയതാണ് ഈ കവിത.' ദൈന്യജീവിത സന്ദർഭങ്ങളെ ചിത്രീകരണത്തിൽ ഇടശ്ശേരി ദീക്ഷിക്കാറുള്ള പ്രത്യക്ഷമൂർത്തതയുടെ ഏററവും നല്ല ഉദാഹരണമാണ് ചകിരിക്കുഴികൾ. കേവലമായൊരു ചകിരിക്കയറിനെ ഇടശ്ശേരി ചകിരിക്കുഴികളിലൂടെ വംശീയമായ ഒരനശ്വര പാശത്തിന്റെ പൊട്ടാത്ത ഇഴകളായി ചിത്രീകരിക്കുന്നത് എത്ര അനവദ്യസുന്ദരമായാണ്.

'മലയമഹാചലസാനുകുലുക്കിയ
മത്തദ്വിരദം പായുമ്പോൾ
കരിവരിവണ്ടിനു മദനീർമോന്തി
ക്കവിളിൽപ്പററാൻ തരമാകെ,
നിശ്ചലമവനെച്ചന്ദനദാരുവിൽ
നിർത്തിക്കെട്ടും തുടരില്ലേ,
കയർ, ചകിരിക്കയർ, കേരളമേ നിൻ
കരശിൽപ്പത്തിൻ വിരുതല്ലോ.'

യജമാനന്മാരുടെ മുന്നിൽ യാചിക്കേണ്ടിവരുന്ന, ചകിരിക്കുഴികളിൽ പണിയെടുക്കുന്ന, നിരാലംബരായ ഒരുകൂട്ടം മനുഷ്യരുടെ നൊമ്പരപ്പെടുത്തുന്ന ഗന്ധം ഈ കവിതയിലുണ്ട്. കയർ രൂപംകൊള്ളുന്നതും രൂപാന്തരം പ്രാപിക്കുന്നതും ഈ ചെളിക്കുണ്ടുകളിൽനിന്നാണ്. കവിയുടെ ദുഃഖസ്വപ്നമാണ് ഈ കയർവിളയും ചകിരിക്കുഴികൾ. കവിയുടെ പേക്കിനാവാണ് ഈ ചകിരിക്കുഴിയിൽ പണിയുന്ന സോദരിമാരുടെ ദുഃഖം. കവിയുടെ തീരാരോഷമാണ് ഈ നാററം അനുഭവിക്കേണ്ടിവരുന്ന ഒരുകൂട്ടം മനുഷ്യരെ സൃഷ്ടിച്ച സാമൂഹ്യവ്യവസ്ഥിതി. കവിയുടെ തീരാവ്യഥയാണ് ചകിരിക്കുഴികളെ ഉററുനോക്കിക്കൊണ്ടിരിക്കുമ്പോഴുണ്ടാകുന്ന ഹൃദയത്തിന്റെ പിടച്ചിൽ. അങ്ങനെ ജീവിതത്തിൽനിന്നും കുടിയിറക്കപ്പെട്ട് ജീവിക്കാൻവേണ്ടി മാത്രം മരണത്തോട് പണിമുടക്കം പ്രഖ്യാപിച്ച ഒരുകൂട്ടം മനുഷ്യരുടെ യാതനാപർവമാണ് ചകിരിക്കുഴികൾ.

'കാലത്തുച്ചയ്ക്കന്തിക്കും പടു-
വേലകൾ, പട്ടിണിയവമാനം
മനുജത,ഹാ, ചീഞ്ഞളിയുകയത്രേ
ചകിരിക്കുഴിതൻ വക്കുകളിൽ'

ദിവസത്തിന്റെ നല്ല പങ്കും ചകിരിക്കുഴികളിൽ ഹോമിച്ച് ചകിരി തല്ലി ജീവിക്കുന്ന പരമദരിദ്രകളായ തൊഴിലാളി സ്ത്രീകളുടെ കുടിലുകളിൽ ഒരു മൺചെരാതു കൊളുത്താൻ പോലും ആളും അർഥവും ഇല്ലല്ലോയെന്ന് ഇടശ്ശേരി നെടുവീർപ്പിടുന്നു. തലമുറയായി കൈമാറിയ മാറാശാപം ചകിരിക്കുഴിയുടെ ചുററും വന്ന് മുളയ്ക്കുകയും മനുഷ്യനെ വാരിപ്പുണരാൻ വെമ്പുന്ന മനുഷ്യൻ തന്നെ ആ ചകിരിക്കുഴിയുടെ വക്കുകളിൽ കാർക്കിച്ചു തുപ്പുകയും ചെയ്യുന്നു. അവരുടെ കഷ്ടപ്പാടിന്റെ നേർക്ക്, ആ നിസ്വതയുടെ നേർക്ക് ഒരു മിഴിനീർക്കണം പൊഴിക്കുവാൻ സഹജീവികൾ എന്തേ മടിക്കുന്നു എന്ന് ഇടശ്ശേരി അദ്ഭുതപ്പെടുന്നു.

ചകിരിക്കുഴികളുടെ മൂന്നാം ഖണ്ഡം ആരംഭിക്കുന്നത് പുലരിയുടെ വർണനയോടെയാണ്. ചുററും പൂമണൽ വിരിയിച്ച തൈത്തെങ്ങുകളുടെ പച്ചപ്പീലിവിതാനച്ചോട്ടിലൂടെ നടക്കുമ്പോൾ, ചകിരിക്കുഴികളിൽ ആകുലമായ കരളോടെ, ആ പുലരിയുടെ മധുരിമപോലും ആസ്വദിക്കാനാവാതെ, പണിചെയ്യുന്ന തൊഴിലാളികളെ ഇടശ്ശേരി കാട്ടിത്തരുന്നു. അലകടൽ താണ്ടി വരുന്ന തോണികളെയും അന്തിമയങ്ങുന്ന നേരത്ത് അണയുന്ന തൈത്തെന്നലിനെയും കാണുവാനുഴറി കണ്ണും മനവും ഒരുക്കിവയ്ക്കുമ്പോഴും ചകിരിക്കയർ കടഞ്ഞെടുക്കുന്ന 'ക്ടോം, ക്ടോം' എന്ന ഇടനെഞ്ചിടറി വരുന്ന താളം കവിയെ ആ മോഹനദൃശ്യങ്ങളിൽ നിന്നും പിന്തിരിപ്പിക്കുന്നു.

കവിതയുടെ നാലാം ഖണ്ഡമാണ് ചകിരിക്കുഴികളുടെ ദുർഭഗചിത്രങ്ങൾ കാട്ടിത്തരുന്നത്. ചകി

രികൾ വമിപ്പിക്കുന്ന ദുർഗന്ധസംസ്കാരത്തിന്റെ ഉപോൽപ്പന്നങ്ങളാകാൻ കൊതുകും പുഴുവും കാത്തു കിടക്കുന്നു. കാലത്തുമുതൽ വൈകുന്നേരം വരെ പടുവേലയും രാത്രിയിൽ പട്ടിണിയും ജീവിതം മുഴുവൻ അപമാനവും സഹിച്ച് അധീശവർഗത്തിന്റെ സുഖഭോഗങ്ങൾക്കായി ചകിരിത്തൊഴിലാളികൾ സ്വന്തം യൗവനത്തിനുമേൽ ജരാനരകൾ സൃഷ്ടിക്കുന്നു. അഥവാ ജന്മിത്തനാടുവാഴി വ്യവസ്ഥ പുരാണത്തിലെ യയാതിയായി മാറി പുരൂരവസ്സുകളായ തൊഴിലാളികളുടെ യൗവനം ഒരവകാശമെന്നപോലെ പിടിച്ചുവാങ്ങുന്നു. ബാല്യം മുററിവരുമ്പോഴേയ്ക്കും മുതുകു കുനിക്കുന്ന വാർധക്യവും യൗവനമാകുമ്പോഴേക്കും പരലോകവും വിധിക്കപ്പെടുന്ന ഈ നിസ്വജീവിതങ്ങളുടെ മേൽ അധികാരവ്യവസ്ഥ ഉപയോഗിക്കുന്ന കാപട്യങ്ങളെ ഇടശ്ശേരി ഈ കവിതയിലൂടെ ശക്തമായി ചോദ്യം ചെയ്യുന്നു.

കവിതയുടെ അഞ്ചാം ഖണ്ഡവും ആശയപരമായി നാലാം ഖണ്ഡത്തിന്റെ തുടർച്ച തന്നെയാണ്. ചകിരിക്കുഴിയിൽ പണിയെടുക്കുന്ന ഒരു തൊഴിലാളിയുടെ കുടിലാണ് ദൃശ്യം. ആ ചെററക്കുടിലിൽ സ്വസ്ഥമനസ്കരായി നാമം ജപിക്കുകയല്ല അവിടത്തെ കുഞ്ഞുങ്ങൾ. ഒട്ടിയ കവിളുകൾക്കുമീതെ ഒലിച്ചിറങ്ങിയ കണ്ണീർച്ചാലുകളുമായി വിശന്നു തേങ്ങിയിരിക്കുകയാണവർ. തലമുറ തലമുറ കൈമാറി പാപശതങ്ങളും മാറാശാപങ്ങളും അവർ പേറുന്നു. ജീവിതത്തിന്റെ ആ കൂരിരുട്ടിൽ സാന്ത്വനത്തിന്റെ ഒരു തിരിവെട്ടം കടന്നുവരില്ലേ എന്ന് കവി സന്ദേഹിക്കുന്നു.

‘ഇക്കയർപണിയും സോദരിമാരുടെ
ദുഃഖം പാടിനടപ്പൂ ഞാൻ
അവരുടെ കഷ്ടപ്പാടിൻ നേർക്കൊരു
മിഴിനീർ നിങ്ങൾ പൊഴിക്കില്ലേ?’

എന്നു ഹൃദയവേദനയോടെ ചോദിക്കുന്ന കവി, അലകടൽ താണ്ടി കപ്പൽച്ചിറകിനു ചേർന്ന ഞരമ്പിനെ ചേർത്തുവച്ച ചകിരിത്തൊഴിലാളികളുടെ ശിൽപ്പവൈഭവത്തെയും അതോടൊപ്പം മനുജത നാറിച്ചീയുന്ന ചകിരിക്കുഴിയേയും ചൂണ്ടിക്കാണിച്ചുകൊണ്ടാണ് കവിത അവസാനിപ്പിക്കുന്നത്.

പണിമുടക്കം, പുത്തൻകലവും അരിവാളും തുടങ്ങിയ വർഗബോധ കവിതകളുടെ കൂട്ടത്തിലാണ് ചകിരിക്കുഴികളുടെയും സ്ഥാനം. അതിതീക്ഷ്ണമായ യാഥാർഥ്യങ്ങളുടെ ചുരമാന്തുന്ന ഗന്ധം ഈ കവിതയിലൂടെ ഇടശ്ശേരി സന്നിവേശിപ്പിക്കുന്നു. പശിമയുള്ള മണ്ണിലാണ് ഇടശ്ശേരിക്കവിതയുടെ വേര് ആഴ്ന്നുനിൽക്കുന്നതെങ്കിൽ ചുടലക്കാട്ടിൽ കൊടുങ്കാററ് വീശുമ്പോഴുണ്ടാകുന്ന അസ്ഥിഖണ്ഡങ്ങളുടെ പറക്കലും പാതിവെന്ത മൃതശരീരങ്ങളെ അഗ്നിശലാകകൾ നക്കിത്തുടയ്ക്കുന്നതും അതിദുഃസ്സഹമായ ജീവിതയാഥാർഥ്യങ്ങളുടെ ബിംബങ്ങളായി ചകിരിക്കുഴികളിലൂടെ കാണാൻ കഴിയുന്നു.

എഴുതുന്ന ഒരോ വാക്കിലും വികാരം നിറയ്ക്കുവാനല്ല. ജീവന്റെ ഒരു തുടുത്ത മാംസം ചേർത്തുവയ്ക്കുവാനാണ് ഇടശ്ശേരി ഇഷ്ടപ്പെട്ടത്. അപരസാമ്യമില്ലാത്ത ആർജവത്തോടെ പൊള്ളുന്ന പ്രശ്നങ്ങൾ അവതരിപ്പിച്ചപ്പോഴും മധുരോദാരമായ ഒരാത്മസംതൃപ്തി കവി അനുഭവിച്ചിരുന്നു. മനുഷ്യനും മനുഷ്യനും തമ്മിൽ മാത്രമല്ല മനുഷ്യനും പ്രകൃതിയും തമ്മിലുള്ള സന്ധിയില്ലാപ്പോരാട്ടത്തിന്റെ കഥയാണ് ഇടശ്ശേരിക്കവിത. അതുകൊണ്ടുതന്നെ ചകിരിക്കുഴിയും ആ ചകിരിക്കുഴിയോട് പടവെട്ടുന്ന മനുഷ്യരും ഇടശ്ശേരിക്കവിതയിലൂടെ നിലവിലുള്ള പാരിസ്ഥിതികപാരമ്പര്യത്തെ ചോദ്യം ചെയ്യുന്നു. ഇത്തരം ചോദ്യം ചെയ്യലുകളും ഉത്തരം പറയാൻ മടിക്കുന്ന അധീശശക്തികൾക്കെതിരെയുള്ള തുറന്നടിക്കലുകളുമാണ് ഇടശ്ശേരിക്കവിതയെ ഉർവരമായ ഒരനുഭവമാക്കിത്തീർക്കുന്നത്.